**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4306** — **28-10-2021 - ൽ മറുപടിയ്ക്ക്**

**വൈദ്യുതി ഫിക്സഡ് ചാർജ്ജ് കുടിശ്ശിക ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മാണി. സി. കാപ്പൻ | | Shri. K. Krishnankutty<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | കോവിഡ് വ്യാപനത്തെ തുടർന്ന് സംസ്ഥാനത്തെ തീയേറ്ററുകളും ആഡിറ്റോറിയങ്ങളും അടഞ്ഞുകിടന്ന കാലയളവിൽ പ്രസ്തുത സ്ഥാപനങ്ങളുടെ വൈദ്യുതി ഫിക്സഡ് ചാർജ്ജ് കുടിശ്ശിക ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (എ) | കോവിഡ് മഹാമാരിയുടെ ഒന്നാം തരംഗവുമായി ബന്ധപ്പെട്ട് വിവിധ വിഭാഗം ഉപഭോക്താക്കളുടെ കഷ്ടതകൾ കണക്കിലെടുത്ത്,01.06.2020-ലെ സ.ഉ(സാധാ) നം.67/2020/ഊ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, 2020 മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലെ ഫിക്സഡ് ചാർജ്ജ്/ഡിമാൻഡ് ചാർജ്ജിൽ വ്യവസായിക/വാണിജ്യ ഉപഭോക്താക്കൾക്കും, സ്വകാര്യ ആശുപത്രികൾക്കും 25% ഇളവ് അനുവദിക്കുകയും, ബാക്കിയുള്ള തുക (75%) പലിശ രഹിതമായി അടയ്ക്കുന്നതിന് 15.12.2020 വരെ സാവകാശം നൽകുകയും ചെയ്തിരുന്നു. ഈ ഇനത്തിൽ 76.62 കോടി രൂപയാണ് കെ.എസ്.ഇ.ബി.എൽ. ഇളവ് നൽകിയത്. ഇതു പ്രകാരം വാണിജ്യ വിഭാഗത്തിൽ ഉൾപ്പെടുത്തി ബില്ല് ചെയ്യുന്നതിനാൽ, എല്ലാ സിനിമാ തീയേറ്ററുകൾക്കും ആഡിറ്റോറിയങ്ങൾക്കും മേൽ സൂചിപ്പിച്ച ഇളവുകൾ ലഭ്യമാക്കിയിരുന്നു. സിനിമ മേഖലയിലെ, കോവിഡ് അനുബന്ധ കഷ്ടതകൾ കണക്കിലെടുത്ത്, 28.01.2021- ലെ സ.ഉ(സാധാ)നം.14/2021/ഊ.വ നമ്പർ സർക്കാർ ഉത്തരവുപ്രകാരം, സിനിമ തീയേറ്ററുകൾക്ക് 2020 മാർച്ച്, ഏപ്രിൽ, മേയ് മാസങ്ങളിലെ ഫിക്സഡ്/ ഡിമാൻഡ് ചാർജ്ജിൽ, 01.06.2020-ലെ സ.ഉ.(സാധാ)നം.67/2020/ഊ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നൽകിയ 25% ഇളവുകൾ, 50% ആയി ഉയർത്തി നൽകുകയുണ്ടായി തുടർന്ന് 2020-ജൂൺ മുതൽ ഡിസംബർ വരെയുള്ള മാസങ്ങളിൽ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 50% ഇളവും നൽകിയിരുന്നു. ഇളവ് കഴിച്ചുള്ള തുക അടക്കുന്നതിന് 6 തുല്യമാസ തവണകൾ അനുവദിക്കുകയും ചെയ്തിരുന്നു. എൽ.റ്റി. വിഭാഗത്തിൽ 371 സിനിമാ തീയേറ്ററുകൾക്കും എച്ച്.റ്റി. വിഭാഗത്തിൽ 113 തീയേറ്ററുകൾക്കുമായി 3.28 കോടി രൂപയുടെ |

| | | | | |
|---|---|---|---|---|
| | | | | ഇളവുകളാണ് നൽകിയത്. മേൽ പരാമർശിച്ച രണ്ട് സർക്കാർ ഉത്തരവുകൾക്കും വിധേയമായി 3.87 കോടി രൂപയുടെ ഇളവുകളാണ് ആകെ നൽകിയത്. സംസ്ഥാനത്തെ മറ്റേതൊരു മേഖലകളെക്കാളും വൈദ്യുതി ചാർജ്ജിനത്തിൽ കൂടുതലായി ഇളവുകൾ ലഭ്യമായത് സിനിമാ തീയേറ്ററുകൾക്കാണ്. കോവിഡിന്റെ രണ്ടാം തരംഗവുമായി ബന്ധപ്പെട്ട് 28.06.2021-ലെ സ.ഉ(സാധാ) നം.84/2021/ഊ.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം, വാണിജ്യ/ വ്യാവസായിക ഉപഭോക്താക്കൾക്ക്, അവരുടെ മെയ് 2021-ലെ ഫിക്സഡ്/ഡിമാൻഡ് ചാർജ്ജിൽ 25% ഇളവും, സിനിമാ തീയേറ്ററുകൾക്ക് ഫിക്സഡ്/ ഡിമാൻഡ് ചാർജ്ജിൽ 50% ഇളവും, ബാക്കിയുള്ള തുക പലിശ രഹിതമായി മൂന്ന് തവണകളായി അടയ്ക്കുന്നതിന് 30.09.2021 വരെ സാവകാശവും നൽകിയിട്ടുണ്ട്. ഇതിൻ പ്രകാരം സിനിമാ തീയേറ്ററുകൾക്ക് 38 ലക്ഷം രൂപയുടെയും വ്യവസായ വാണിജ്യ ഉപഭോക്താക്കൾക്ക് 24.37 കോടി രൂപയുടെയും ഇളവാണ് നൽകിയിട്ടുള്ളത്. എന്നിരുന്നാലും കോവിഡ് മഹാമാരി മൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ട് കണക്കിലെടുത്തു സർക്കാർ നിർദ്ദേശപ്രകാരം, വൈദ്യുതി തുക കുടിശ്ശിക അടയ്ക്കാത്ത ഉപഭോക്താക്കളുടെ വൈദ്യുതി വിച്ഛേദിക്കുന്ന നടപടികൾ നിർത്തിവക്കുകയും, ഇതിന്റെ ഫലമായി കെ.എസ്.ഇ.ബി.എൽ-നു പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക തുകയിൽ വൻ വർദ്ധനവ് ഉണ്ടായ സാഹചര്യത്തിൽ, തുക അടയ്ക്കുവാൻ ബുദ്ധിമുട്ടുള്ള ഉപഭോക്താക്കൾ ആവശ്യപ്പെടുന്ന പക്ഷം തവണകൾ അനുവദിച്ച് സാവകാശം നൽകുകയും ചെയ്തു വരുന്നു. കോവിഡ് മഹാമാരി മറ്റേതൊരു മേഖലയെയും പോലെ വൈദ്യുതി ബോർഡിന്റെയും സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഇലക്ട്രിസിറ്റി ആക്ടിന്റെ സെക്ഷൻ 65-ലെ സബ്സിഡി ആനുകൂല്യമില്ലാതെ പുതുതായി നടപ്പിലാക്കുന്ന ഏതൊരു റിലീഫും വൈദ്യുതി ബോർഡിന്റെ സാമ്പത്തിക ബാധ്യത വർദ്ധിപ്പിക്കുന്നതിനു കാരണമാകും. |

സെക്ഷൻ ഓഫീസർ